21-6-17

# കേരള സർക്കാർ

## <u>സംഗ്രഹം</u>

ഭവന നിർമ്മാണ വകുപ്പ് - കലവറ മുഖാന്തിരം നിർമ്മാണ സാമഗ്രികളായ സിമന്റ്, കമ്പി, ഇവ വിതരണം ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗരേഖ – ഭേദഗതി - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ഭവന നിർമ്മാണ (എ) വകുപ്പ്

**സ.ഉ. (സാധാരണ) നം. 39/17/ഭവനം** — **തീയതി, തിരുവനന്തപുരം**, 13.06.2017

---

പരാമർശം: 1 05.09.2009-ലെ സ.ഉ. (കൈ) 30/2009/ഭവനം നമ്പർ സർക്കാർ ഉത്തരവ്

2 02.02.2011-ലെ സ.ഉ. (സാധാ) 4/2011/ഭവനം നമ്പർ സർക്കാർ ഉത്തരവ്

3 കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറുടെ 15.02.2017-ലെ TECH/10557/09/KSNK നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറയുടെ പദ്ധതി നിർവ്വഹണ രേഖയും മാർഗ്ഗ നിർദ്ദേശങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിക്കുകയും പരാമർശം 2 പ്രകാരം പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി വരുത്തുകയും ചെയ്തിട്ടുണ്ട്.

കലവറകൾ ജനപ്രിയവും ജനോപകാരപ്രദവും ആയി മാറ്റുന്നതിന് നിലവിൽ ബി.പി.എൽ വിഭാഗക്കാർക്ക് അംഗീകരിച്ചിരിക്കുന്ന വീടുകളുടെ തറവിസ്തീർണത്തിന്റെ പരിധി ഉയർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കെസ്നിക് ഡയറക്ടർ പരാമർശം 3 ലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കലവറയുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദവും ഫലപ്രദവുമാക്കി മാറ്റുന്നതിന് പരാമർശം 1 ലെ അനുബന്ധം. 3-ലെ 'വില്പന വില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ' എന്ന ശീർഷകത്തിൽ താഴെപ്പറയുന്ന ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>വില്പന വില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

70 ചതുരശ്ര മീറ്ററോ(750 sqft) അതിൽ താഴെയോ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണം നടത്തുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് (BPL) സിമന്റ്, കമ്പി വിൽപ്പന നടത്തുന്നത്.

എ) നിർമ്മിതിയ്ക്ക് സാമഗ്രികൾ ലഭിക്കുന്ന വിലയിൽ നിന്നും പരമാവധി 15% വരെ വില കുറച്ച് സാമഗ്രികൾ നൽകാവുന്നതാണ്.

ബി) ഓരോ ഗുണഭോക്താവിനും പരമാവധി 50 ബാഗ് സിമന്റും 500 കിലോ കമ്പിയും മാത്രമേ നൽകാവൂ.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**പി.ശോഭന**
**അഡീഷണൽ സെക്രട്ടറി**

1. ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം.
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. എല്ലാ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്കും
4. ധനകാര്യ വകുപ്പ്.
5. വിവരപൊതുജന സമ്പർക്ക വകുപ്പ്

<u>പകർപ്പ്</u>

ഭവന നിർമ്മാണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ